II ഇ.ബി. XIV - കേരള നിയമസഭ/XVI-16

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 നവംബർ 19, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

41 (*481) ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനം

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) നൽകിയ മറുപടിയിൽ, പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് അരലക്ഷത്തിലധികം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്ന ലക്ഷ്യത്തോടുകൂടി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി ഈ വർഷം 7888 സംരംഭങ്ങൾ ആരംഭിച്ച് 27048 പേർക്ക് തൊഴിലും 382 സംരംഭകർക്ക് 24.50 കോടി രൂപ നിക്ഷേപ സബ്സിഡിയും ലഭ്യമാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വ്യവസായ സംരംഭകർക്കായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്, കെ-സ്വിഫ്റ്റ്,

ഇൻവെസ്റ്റ് കേരള പോർട്ടൽ എന്നിവ നടപ്പിലാക്കുകയും ഇതിനായി ജില്ലാ/സംസ്ഥാന തലങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ യുവജനങ്ങൾക്കായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ, ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ എന്നിവ ആരംഭിക്കാൻ നടപടി സ്വീകരിക്കുകയും സംരംഭകത്വ ബോധവൽക്കരണ സെമിനാറുകൾ, പരിശീലനങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, നിക്ഷേപ സംഗമങ്ങൾ എന്നിവ നടത്തിവരികയും ചെയ്യുന്നുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ബിൽ ഈ സമ്മേളന കാലയളവിൽ അവതരിപ്പിച്ച് പ്രാബല്യത്തിൽ വരുന്നതോടെ 10 കോടി രൂപവരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ലൈസൻസുകൾ/അപ്രൂവലുകൾ/ പെർമിറ്റുകൾ എന്നിവ സമർപ്പിക്കുന്നതിന് മൂന്ന് വർഷത്തേയ്ക്ക് ഇളവ് ലഭിക്കുന്നതാണ്. സിഡ്കോയുടെ അധീനതയിൽ പ്രവർത്തിച്ചുവരുന്ന 60 എസ്റ്റേറ്റുകളിൽ 350-ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും

അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. വ്യവസായികൾക്ക് അനുവദിക്കുന്ന ഷെഡ്/ഭൂമിക്ക് സെയിൽ ഡീഡ് നൽകുകയും പ്രവർത്തനരഹിതമായ യൂണിറ്റുകൾ കൈമാറ്റം ചെയ്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സിഡ്കോ മുഖേന ചെറുകിട വ്യവസായ മേഖലയിൽ 3332-ഓളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും 145 കോടി രൂപയുടെ മൂലധന നിക്ഷേപം നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. കെ.എം.എം.എൽ.-നെ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കരിമണൽ ഖനനവുമായി ബന്ധപ്പെട്ടുത്തി റിസർച്ച് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും സിഡ്കോ, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്നും എല്ലാ ജില്ലകളിലും 100 ഏക്കർ ഭൂമി പുതിയ സംരംഭങ്ങൾക്കായി മാറ്റിവച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാനും ഓൺലൈൻ മാർക്കറ്റിംഗ് സജീവമാക്കാനും നാളികേര വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ പുതിയ പദ്ധതിക്ക് രൂപംകൊടുത്തിട്ടുണ്ടെന്നും ഈറ്റ, പനമ്പ് എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വനങ്ങളിലും സമീപപ്രദേശങ്ങളിലും മുള

വച്ചുപിടിപ്പിക്കുന്ന പദ്ധതിക്ക് 2 കോടി രൂപ നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

42 (*482) <u>കിഫ്ബി പദ്ധതികളുടെ അവലോകനം</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും കിഫ്ബിവഴി നടപ്പിലാക്കുന്നതിനായി ക്യാബിനറ്റ് അംഗീകരിച്ചതുമായ പദ്ധതികളാണ് കിഫ്ബി ധനസഹായത്തിന് പരിഗണിക്കുന്നതെന്നും അതത് വകുപ്പുകളിൽനിന്നും ഭരണാനുമതി ലഭ്യമായശേഷം കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം പദ്ധതി നിർവ്വഹണ ഏജൻസി തയ്യാറാക്കുന്ന ഡി.പി.ആർ. സൂക്ഷ്മപരിശോധന നടത്തിയാണ് സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതെന്നും സഭയെ അറിയിച്ചു. പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് ബന്ധപ്പെട്ടവരുടെ അഭിപ്രായ/നിർദ്ദേശങ്ങൾ പരിഗണിച്ച് വിവിധ ഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി തയ്യാറാക്കുന്ന Detailed Appraisal Report എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ/ബോർഡിന്റെ അന്തിമാനുമതിക്കായി സമർപ്പിക്കുകയും റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന ന്യൂനതകൾ പരിഹരിക്കാൻ എസ്.പി.വി.-കൾക്ക് ആവശ്യമായ സാങ്കേതിക സഹായം കിഫ്ബി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. അവലോകന

പ്രവർത്തനങ്ങൾക്കായി സ്പെഷ്യലൈസ്ഡ് പ്രൊഫഷണൽ സർവ്വീസിന്റെ സഹായത്തോടെ കിഫ്ബിയിൽ ടീമിനെ നിയോഗിച്ചെങ്കിലും അംഗീകാരത്തിനായി വരുന്ന പദ്ധതികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനെത്തുടർന്ന് അപ്രൈസൽ നടത്താനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി താൽക്കാലികമായി ചുമതലപ്പെടുത്തിയ ടെറനസ് എന്ന സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കുകയും 2017 മാർച്ച് മുതൽ ജൂലൈ വരെയുള്ള സേവനങ്ങൾക്ക് 63,38,697 രൂപയും 2017 ഓഗസ്റ്റ് മുതൽ പദ്ധതി അവലോകനം നടത്തിയ സി.എം.ഡി. എന്ന സ്ഥാപനത്തിന് ഫീസ് ഇനത്തിൽ 20.71 കോടി രൂപയും നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അപ്രൈസൽ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 12 പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും ഈ വർഷം കിഫ്ബിവഴി നടത്താനുദ്ദേശിക്കുന്ന 50,000 കോടി രൂപയുടെ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നാല് ലാൻഡ് അക്വിസിഷൻ ഗ്രൂപ്പുകളെ നിയോഗിച്ചിട്ടുണ്ടെന്നും കിഫ്ബിയുടെ ഡയറക്ടർ ബോർഡിൽ എഞ്ചിനീയറിംഗ്, അപ്രൈസൽ വൈദഗ്ദ്ധ്യവുമുള്ളവരെ നിയമിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

43 (*483) <u>വ്യാവസായിക മേഖലയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യം</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലകളിൽ സംരംഭം ആരംഭിക്കുന്നതിനായി വിവിധ ജില്ലകളിലുള്ള 2424 ഏക്കർ ഭൂമിയിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിൽ 39 വ്യവസായ വികസന ഏരിയ/പ്ലോട്ടുകൾ അനുവദിക്കുന്നുണ്ടെന്നും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി "നിലവിലുള്ള ഡെവലപ്മെന്റ് ഏരിയ/ പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണവും" എന്ന പദ്ധതിക്കായി 10 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ടി ഏരിയയിലെ സ്ഥലപരിമിതി കണക്കിലെടുത്ത് ബഹുനില വ്യവസായ സമുച്ചയ നിർമ്മാണ പദ്ധതിക്കായി 20 കോടി രൂപ വകയിരുത്തുകയും എറണാകുളം ജില്ലയിലെ എടയാറിലും കോട്ടയം ജില്ലയിലെ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിലും MSE-CDP (Micro & Small Enterprises - Cluster Development Programme) എന്ന പദ്ധതിയുടെ കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ

എന്ന പദ്ധതി ആരംഭിച്ച് 140 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ടി പദ്ധതി ആലപ്പുഴയിൽ നടപ്പിലാക്കുന്നതിന് 978.93 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കി സംരംഭകർക്ക് കെട്ടിടവും സ്ഥലവും നൽകുന്നുണ്ട്. പാലക്കാട് ജില്ലയിൽ എഞ്ചിനീയറിംഗ്/ജനറൽ വ്യവസായങ്ങൾക്കായി പാർക്ക് സ്ഥാപിക്കുകയും എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക് തുടങ്ങുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയുമാണ്. തിരുവനന്തപുരം തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്കിന്റെയും ആലപ്പുഴ ജില്ലയിൽ മെഗാ ഫുഡ് പാർക്കിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് മന്ത്രി അറിയിച്ചു. കിൻഫ്രയുടെ 24 വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും റബ്ബറധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായി സ്ഥാപിക്കാനുദ്ദേശിക്കുന്ന കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനിക്ക് കോട്ടയം ജില്ലയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും സിഡ്കോ ചെറുകിട വ്യവസായ സംരംഭത്തിന് ആവശ്യമായ അടിസ്ഥാന

സൗകര്യം ലഭ്യമാക്കി വരുന്നുണ്ടെന്നും പ്രസ്തുത കമ്പനിയുടെ അധീനതയിലുള്ള മിനി/വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണത്തിനായി 7 കോടി രൂപയും അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള പ്രവർത്തന മൂലധനമായി 175 ലക്ഷം രൂപയും ഉൽപ്പാദന യൂണിറ്റുകളുടെ നവീകരണത്തിനായി 9.95 കോടി രൂപയുടെ ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. വ്യവസായ പാർക്കുകളിലുള്ള സംരംഭകർക്കായി പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കാനും മാർക്കറ്റിംഗ് രംഗത്തെ ശക്തിപ്പെടുത്താനും നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും വ്യവസായ പാർക്കുകളിൽ സോളാർ എനർജി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5749 മുതൽ 6073 വരെയുള്ള ചോദ്യങ്ങളിൽ 69 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)